***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393
തീയതി:19.03.2019

# വ്യാജ രേഖ ചമച്ച് പണം തട്ടിയ കേസിൽ മുൻ മനേജർ ഉൾപ്പെടെ മൂന്ന് പേർ കുറ്റക്കാർ:മൂന്ന് വർഷം തടവും 45 ലക്ഷം പിഴ ഒടുക്കുവാനും കോടതി വിധിച്ചു.

വ്യാജ രേഖ ചമച്ച് 44,59,459/- രൂപയുടെ നഷ്ടം വരുത്തിയ കേസിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ കോഴിക്കോട് മുൻ ബ്രാഞ്ച് മാനേജർ ഉൾപ്പെടെ മൂന്ന് പേരെ കുറ്റക്കാരാണെന്ന് കണ്ട് കോഴിക്കോട് വിജിലൻസ് കോടതി മൂന്ന് കേസുകളിലായി മൂന്ന് വർഷം തടവും 45 ലക്ഷം പിഴ ഒടുക്കുവാനും വിധിച്ചു. ഒന്നാം പ്രതി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ കോഴിക്കോട് മുൻ ബ്രാഞ്ച് മാനേജർ കോഴിക്കോട് കല്ലായിയിൽ എൻ.സി.ഹൗസിൽ മുഹമ്മദ് കോയ ,അഞ്ചാം പ്രതി കോഴിക്കോട് അനുഷ ട്രേഡേഴ്സ് പ്രൊപ്രൈറ്റർ വി.ഇബ്രാഹിം ,ആറാം പ്രതി കോഴിക്കോട് ഷാ സ്പൈസസ് പ്രൊപ്രൈറ്റർ ഷാ ഹിരാചന്ദ് എന്നിവരെയാണ് കോടതി ശിക്ഷിച്ചത്. മൂന്നാം പ്രതിയെ കുറ്റക്കാരനല്ലെന്ന് കണ്ട് വെറുതെ വിടുകയും ,രണ്ടാം പ്രതിയും നാലാം പ്രതിയും വിചാരണ മദ്ധ്യേ മരണപ്പെടുകയും ചെയ്തു. 1996 മുതൽ 1999 വരെയുള്ള കാലഘട്ടത്തിൽ ഒന്നാം പ്രതി അഞ്ചും ആറും പ്രതികളുമായി ചേർന്ന് കുരുമുളക് വയനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും വാങ്ങിയാതായി കാണിച്ച് വ്യാജ രേഖ ചമച്ച് സർക്കാരിന് 44,59,459/- രൂപയുടെ നഷ്ടം വരുത്തി എന്നുള്ളതാണ് വിജിലൻസ് കേസ്. വിവിധ വകുപ്പുകളിലായി ഒന്നാം പ്രതിയെ മൂന്ന് വർഷത്തേക്കും മറ്റ് രണ്ട് പ്രതികളെ രണ്ട് വർഷത്തേക്കുമാണ് കോടതി ശിക്ഷിച്ചത്. മൂന്ന് പേരിൽ നിന്നും വിവിധ വകുപ്പുകളിലായി 45 ലക്ഷം

രൂപ പിഴ ഈടാക്കുവാനും കോടതി വിധിച്ചു. കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ കോടതി ജഡ്ജ് ശ്രീ.കെ.വി. ജയകുമാറാണ് ശിക്ഷ വിധിച്ചത് .

കോഴിക്കോട് വിജിലൻസ് മുൻ പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടുമാരായ ശ്രീ.എൻ.ചന്ദ്രൻ , ശ്രീ.രാജ് മോഹൻ നായർ ഇൻസ്പെക്ടറുമാരായ ശ്രീ.ദേവദാസ്,ദേവസ്യ എന്നിവർ അന്വേഷണം പൂർത്തിയാക്കിയ കേസിൽ മുൻ പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ.സുനിൽ ബാബുവാണ് കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് അഡീഷണൽ ലീഗൽ അഡ്വൈസർ ശ്രീ. ഒ. ശശി ഹാജരായി.